# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 472 — 12.06.2012 ൽ മറുപടിക്ക്

## സഹകരണ സംഘം, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സംഘം, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനം പഠിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ ഘടനയും ടേംസ് ഓഫ് റഫറൻസും എന്തൊക്കെയാണ്; | എ) യും ബി) യും കേരളത്തിലെ വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കുവാൻ സർക്കാരിന്റെ സ.ഉ(സാധാ)632/2011/സഹ.നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>1. അഡ്വ.കരകുളം കൃഷ്ണപിള്ള - ചെയർമാൻ<br>2. അഡ്വ. ഫിലിപ്പോസ് തോമസ് - അംഗം<br>3. അഡ്വ. ജോയി തോമസ് -അംഗം<br>4. ശ്രീ.അബ്ദുൾ ഹമീദ് -അംഗം<br>5. ശ്രീ.ജോയി എബ്രഹാം(എക്സ് എം.എൽ.എ) അംഗം<br>6. ശ്രീ.മനയത്ത് ചന്ദ്രൻ - അംഗം<br>7. ശ്രീ. എച്ച്.എം.ഷാരിയർ - അംഗം<br>8. അഡ്വ.എം.എം.രാജപ്പൻ - അംഗം. & കൺവീനർ<br><br>പ്രസ്തുത കമ്മിറ്റിയുടെ പഠന വിഷയങ്ങൾ |

മുഖ്യമായും താഴെ ചേർത്തവയായിരിക്കും

I. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന സഹകരണ മേഖലയിലെ ബാങ്കുകളുടെ പ്രവർത്തനം പഠിച്ച് ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതരത്തിലുള്ള പ്രവർത്തനം നടത്തുന്നതിന് പ്രയോഗിക ശുപാർശകൾ നൽകുക.

II. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്തും, സംസ്ഥാനം നാളിതുവരെ ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും അനുയോജ്യമായ തരത്തിലും സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനാവശ്യമായ ശുപാർശകൾ നൽകുക.

III. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നൽകിയിരിക്കുന്നതും, നൽകേണ്ടതുമായ ധനസഹായത്തെ സംബന്ധിച്ച് അതിന്റെ രീതിയെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകുക.

IV. സഹകരണ ബാങ്കുകളുടെ ഘടനാപരമായ സംവിധാനം, ക്ലാസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ നൽകുക.

V. മേൽപ്പറഞ്ഞ വിഷയങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയമ നിർദ്ദേശങ്ങളും, സഹകരണ നിയമത്തിലും, മറ്റു നിയമങ്ങളിലും അവശ്യമായി വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചും ശുപാർശകൾ ചെയ്യുക.

VI. പഠന വിധേയമാക്കേണ്ടതാണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യം'വരുന്ന ഇതര വിഷയങ്ങൾ.

| | |
|---|---|
| ബി) എത്ര കാലാവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്? | ബി) പ്രസ്തുത കമ്മിറ്റിയുടെ കാലപരിധി 30.09.2012 വരെയാണ്. |

സെക്ഷൻ ഓഫീസർ